(സി) നാശനഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തവർക്കും സാമ്പത്തികമായി ഉയർന്ന നിലവാരം പുലർത്തുന്നവർക്കും സൗജന്യ അരി വിതരണം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1560 റേഷൻകടകളിലൂടെ സുനാമി ദുരിതബാധിതർക്ക് സൗജന്യ റേഷൻ വിതരണം നടത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബന്ധപ്പെട്ട താലൂക്ക് തഹസീൽദാർമാർ നൽകിയ ലിസ്റ്റ് പ്രകാരമാണ് സൗജന്യ റേഷൻ വിതരണം നടത്തിയത്.

ലോക്കൽ പർച്ചേഴ്സ് വഴി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങിയ പൾസസ് ആൻഡ് സ്പൈസസ് ഇനങ്ങൾ

58 [2675] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മുതൽ 2005 മാർച്ച് 15 വരെ ഓരോ മാസവും എത്ര ക്വാണ്ടിറ്റി വീതം പൾസസ് ആൻഡ് സ്പൈസസ് ഇനങ്ങൾ സെൻട്രലൈസ്ഡ് ടെണ്ടർ വഴി വാങ്ങിയിട്ടുണ്ട്;

(ബി) പ്രസ്തുത കാലയളവിലെ ഓരോ മാസങ്ങളിലും ഓരോ ഇനങ്ങളും എത്ര ക്വാണ്ടിറ്റി വീതമാണ് വാങ്ങിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) ലോക്കൽ പർച്ചേസ് വഴി സിവിൽ സപ്ലൈസ് കോർപ്പറേഷൻ പൾസസ് ആൻഡ് സ്പൈസസ് ഇനങ്ങൾ വാങ്ങിയിട്ടുണ്ടോ; വാങ്ങിയിട്ടുണ്ടെങ്കിൽ ഏതു മാസം മുതലാണ് വാങ്ങിയിട്ടുള്ളത്;

(ഡി) 2001 മുതൽ ലോക്കൽ പർച്ചേസ് വഴി ഏതൊക്കെ മാസങ്ങളിൽ ഏതൊക്കെ ഇനങ്ങൾ എത്ര ക്വാണ്ടിറ്റി വീതം വാങ്ങിയിട്ടുണ്ട് എന്നു വിശദമാക്കാമോ?

ഉത്തരം

(എ) 2001 ജനുവരി മുതൽ 2005 മാർച്ച് വരെ ഓരോ മാസവും വാങ്ങിയ പൾസസ് ആൻഡ് സ്പൈസസിന്റെ നിരക്കും (മെട്രിക് ടണ്ണിന്) ക്വാണ്ടിറ്റിയും (മെട്രിക് ടൺ) അനുബന്ധമായി വയ്ക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നവംബർ 2004 മുതൽ

(ഡി)

		ജനുവരി 2005 (Qtl.)	ഫെബ്രുവരി 2005 (Qtl.)	മാർച്ച് 2005 (Qtl.)
1.	ചെറുപയർ	44.05	1390.81	29.58
2.	കടല (വലുത്)	221.57	2251.37	-
3.	കടല (ചെറുത്)	-	53.13	-
4.	ഉഴുന്ന്	209.02	897.83	-
5.	ഉഴുന്നുപരിപ്പ്	5.00	-	-
6.	തുവരപരിപ്പ്	6.99	146.50	45.54
7.	പീസ്പരിപ്പ്	130.80	145.76	-
8.	വൻപയർ	455.17	877.66	21
9.	മുളക്	176.25	440.83	48.30
10.	മല്ലി	79.33	1385.46	19.75
11.	ജീരകം	62.08	64.38	-
12.	കടുക്	35.10	377.82	19.80
13.	ഉലുവ	138.03	184.77	49.30
14.	ഗ്രീൻ പീസ്	50	-	-
15.	പഞ്ചാസാര	-	1795.00	-

സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ഡ്രൈവർ തസ്തികയിലെ നിയമനം

59 [2676] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഡ്രൈവർ തസ്തികയിൽ നിയമനത്തിനായി പി. എസ്. സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതെന്നാണ്;

(ബി) ഈ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര പേരെ നിയമിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) ഒഴിവുള്ള തസ്തികകളിൽ ഇപ്പോൾ എത്ര പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നുവെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly